**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1004** **12-06-2024 - ൽ മറുപടിയ്ക്ക്**

**ഇറിഗേഷൻ ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലസേചന വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ഇറിഗേഷൻ ടൂറിസം പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ; | (എ) | ഭൂതത്താൻകെട്ടിന്റെ ടൂറിസം വികസനം ലക്ഷ്യമാക്കി ഇറിഗേഷൻ ടൂറിസം പദ്ധതി നിബന്ധനകൾ പ്രകാരം കേരള ഇറിഗേഷൻ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി.) എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്. ലഭിച്ച പ്രൊപ്പോസലുകളുടെ വിശകലനം നടന്നു വരികയാണ്.<br><br>വിനോദ സഞ്ചാര മേഖലയെ പരിപോഷിപ്പിക്കും വിധമുള്ള നിരവധി കേന്ദ്രങ്ങൾ ജലസേചന വകുപ്പിന് കീഴിലുണ്ടെന്ന വസ്തുത മനസ്സിലാക്കി അണക്കെട്ടുകളേയും. ജലസേചന നിർമ്മിതികളേയും അതിനോടനുബന്ധിച്ചുള്ള സ്ഥലങ്ങളും പ്രയോജന പ്പെടുത്തികൊണ്ട് അവയുടെ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനാണ് ഇറിഗേഷൻ ടൂറിസം പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതോടൊപ്പം പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ടൂറിസം കേന്ദ്രങ്ങൾ/സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതുവഴി വരുമാനം ലഭ്യമാവുകയും അതിലൂടെ വകുപ്പിന് കീഴിലുള്ള ആസ്തികളുടെ സൗന്ദര്യവൽക്കരണ ത്തിനും അറ്റകുറ്റ പണികൾക്കും ഉപയോഗപ്പെടുത്താ വുന്നതാണ്. പ്രസ്തുത പദ്ധതി ജലസേചന വകുപ്പിന് കീഴിലെ മറ്റ് സ്ഥലങ്ങളിലും, സംസ്ഥാനമുടനീളം വ്യാപിപ്പിക്കാവുന്നതാണ്. ഇറിഗേഷൻ ടൂറിസം പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ സ.ഉ.(കൈ) നം.53/2023/ജവിവ, തീയതി 19/09/2023 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ. പ്രൈവറ്റ് സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിങ്ങനെയുള്ള വിഭാഗത്തിൽ നിന്നും ആർക്കുവേണമെങ്കിലും ഇതിൽ പങ്കാളികളാകാം. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി ഏതെല്ലാം മേഖലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഭൂതത്താൻകെട്ടിന്റെ ടൂറിസം വികസനം ലക്ഷ്യമാക്കി ഇറിഗേഷൻ ടൂറിസം പദ്ധതി നിബന്ധനകൾ പ്രകാരം കേരള ഇറിഗേഷൻ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി.) എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്. ലഭിച്ച പ്രൊപ്പോസലുകളുടെ വിശകലനം നടന്നു വരികയാണ്.<br><br>വിനോദ സഞ്ചാര മേഖലയെ പരിപോഷിപ്പിക്കും വിധമുള്ള നിരവധി കേന്ദ്രങ്ങൾ ജലസേചന വകുപ്പിന് കീഴിലുണ്ടെന്ന വസ്തുത മനസ്സിലാക്കി അണക്കെട്ടുകളേയും. ജലസേചന നിർമ്മിതികളേയും അതിനോടനുബന്ധിച്ചുള്ള സ്ഥലങ്ങളും പ്രയോജന പ്പെടുത്തികൊണ്ട് അവയുടെ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനാണ് ഇറിഗേഷൻ ടൂറിസം പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതോടൊപ്പം പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ടൂറിസം കേന്ദ്രങ്ങൾ/സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതുവഴി വരുമാനം ലഭ്യമാവുകയും അതിലൂടെ വകുപ്പിന് കീഴിലുള്ള ആസ്തികളുടെ സൗന്ദര്യവൽക്കരണ ത്തിനും അറ്റകുറ്റ പണികൾക്കും ഉപയോഗപ്പെടുത്താ വുന്നതാണ്. പ്രസ്തുത പദ്ധതി ജലസേചന വകുപ്പിന് കീഴിലെ മറ്റ് സ്ഥലങ്ങളിലും, സംസ്ഥാനമുടനീളം വ്യാപിപ്പിക്കാവുന്നതാണ്. ഇറിഗേഷൻ ടൂറിസം പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ സ.ഉ.(കൈ) നം.53/2023/ജവിവ, തീയതി 19/09/2023 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ. പ്രൈവറ്റ് സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിങ്ങനെയുള്ള വിഭാഗത്തിൽ നിന്നും ആർക്കുവേണമെങ്കിലും ഇതിൽ പങ്കാളികളാകാം. |
| (സി) | ഓരോ മേഖലയിലും ഇറിഗേഷൻ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ പഠനം നടത്തുന്നതിനും പ്രോജക്ട് തയ്യാറാക്കുന്നതിനും ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ? | (സി) | ടൂറിസം സാധ്യതയുള്ള അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള ചുമതലയും, ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കാനും ചീഫ് എഞ്ചിനീയറെ (ഇറിഗേഷൻ ആൻഡ് അഡ്മിനിസ്ട്രേഷൻ)ഏൽപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെ (കെ. ഐ. ഐ. ഡി.സി.) ഇറിഗേഷൻ - ടൂറിസം പദ്ധതികൾ പ്രാവർത്തികമാക്കാൻ വേണ്ടിയുള്ള നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നം. 53/2023/ജവിവ തീയതി 19.09.2023 പ്രകാരം 'ഇറിഗേഷൻ ടൂറിസം' പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ, മറ്റ് സർക്കാർ ഏജൻസികൾ, പ്രൈവറ്റ് സ്ഥാപനങ്ങൾ, വ്യക്തികൾ, സൊസൈറ്റികൾ എന്നിങ്ങനെയുള്ള വിഭാഗത്തിൽ നിന്നും ആർക്കും ഇതിൽ പങ്കാളിയാകാം. എല്ലാ പ്രോജക്ടുകളുടെയും ചാർജ്ജുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർ ആണ് ആ പ്രദേശം സംബന്ധിച്ചുള്ള ഇറിഗേഷൻ ടൂറിസം നോഡൽ ഓഫീസർ. കൂടാതെ ഇറിഗേഷൻ ടൂറിസം പദ്ധതിയ്ക്കായി ലഭിക്കുന്ന അപേക്ഷകളുടെ ആദ്യ വിശകലനം എക്സിക്യൂട്ടീവ് എഞ്ചിനീയർ നടത്തുന്നതിനും ആയത് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (കെ.ഐ.ഐ.ഡി.സി.) അഭിപ്രായ സഹിതം സമർപ്പിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ